# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVIII | YEAR OF OUR LORD JESUS CHRIST, FEBRUARY 2022 | No. 4


## വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**സങ്കീർത്തനങ്ങൾ 20:1–9**

01. യഹോവ കഷ്ടകാലത്തിൽ നിനക്കു ഉത്തരമരുളുമാറാകട്ടെ; യാക്കോബിൻ ദൈവത്തിന്റെ നാമം നിന്നെ ഉയർത്തുമാറാകട്ടെ.
02. അവൻ വിശുദ്ധമന്ദിരത്തിൽനിന്നു നിനക്കു സഹായം അയക്കുമാറാകട്ടെ; സീയോനിൽനിന്നു നിന്നെ താങ്ങുമാറാകട്ടെ.
03. നിന്റെ വഴിപാടുകളെ ഒക്കെയും അവൻ ഓർക്കട്ടെ; നിന്റെ ഹോമയാഗം കൈക്കൊള്ളുമാറാകട്ടെ.
04. നിന്റെ ഹൃദയത്തിലെ ആഗ്രഹം അവൻ നിനക്കു നൽകട്ടെ; നിന്റെ താല്പര്യമൊക്കെയും നിവർത്തിക്കട്ടെ.
05. ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും; ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയർത്തും; യഹോവ നിന്റെ അപേക്ഷകളൊക്കെയും നിവർത്തിക്കുമാറാകട്ടെ.
06. യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു; അവൻ തന്റെ വിശുദ്ധസ്വർഗ്ഗത്തിൽനിന്നു തന്റെ വലങ്കയ്യുടെ രക്ഷാകരമായ വീര്യപ്രവൃത്തികളാൽ അവന്നു ഉത്തരമരുളും.
07. ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു; ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും.
08. അവർ കുനിഞ്ഞു വീണുപോയി; എന്നാൽ ഞങ്ങൾ എഴുന്നേറ്റു നിവർന്നു നില്ക്കുന്നു.
09. യഹോവേ, രാജാവിനെ രക്ഷിക്കേണമേ; ഞങ്ങൾ അപേക്ഷിക്കുമ്പോൾ ഉത്തരമരുളേണമേ.

# യേശുക്രിസ്തുവിന്റെ വംശാവലി അബ്രഹാമിന്റെയും ദാവീദിന്റെയും മാത്രം പിന്തുടർച്ചയായതെന്തുകൊണ്ട് ?

## WHY THE GENEAOLOGY OF JESUS CHRIST PRECEDES ABRAHAM & DAVID ONLY?

**ബ്രദർ എം. പോൾരാജ്**


മത്തായി 1:1 ൽ ഇങ്ങനെ വായിക്കുന്നു: "അബ്രഹാമിന്റെ പുത്രനായ, ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി..." യേശുക്രിസ്തുവിന്റെ വംശാവലിയിൽ അബ്രഹാം മുതൽ യോസേഫ് വരെ 42 തലമുറകൾ ഉൾപ്പെടുന്നു. ഇതിൽ അബ്രഹാമിന്റെയും ദാവീദിന്റെയും യേശുക്രിസ്തുവിന്റെയും തലമുറകളെ മാത്രമാണ് ദൈവം തിരഞ്ഞെടുത്തിട്ടുള്ളത്. അതിനാൽ മുകളിൽ പറഞ്ഞ മൂന്നു പേരുകൾക്കും ദൂരവ്യാപകമായ പ്രാധാന്യം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ പേരുകൾ സവിശേഷതയുള്ളതും പ്രാധാന്യമുള്ളതും ഘനമുള്ളതുമാണ്. അബ്രഹാം, ദാവീദ്, യേശുക്രിസ്തു എന്നീ മൂന്നു പേരെയും കുറിച്ച് നമുക്ക് വിശദമായി നോക്കാം.

### അബ്രഹാം!

കൽദയരുടെ ദേശമായ മൊസൊപൊത്തോമിയയിലെ ദേശവാസിയായ തേരഹിന്റെ മകനാണ് അബ്രാം. ആ ദേശം മുഴുവനും വിഗ്രഹാരാധികളാൽ നിറഞ്ഞിരുന്നു. എന്നിട്ടും നീതിമാനായ അബ്രാമിനെ ആ സ്ഥലത്തുനിന്ന് വിളിച്ചിറക്കി ദൂരദേശത്തേക്ക് യാത്ര പോകുവാൻ ദൈവത്തിനു മനസ്സായി. അവനെ വലിയവനാക്കുമെന്നും അവനിലൂടെ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടുമെന്നും ദൈവം അരുളിച്ചെയ്തു (ഉൽപ്പത്തി 12:1–3; അ. പ്രവൃത്തികൾ 7:2–4). യാത്ര ചെയ്യാനുള്ള വിളി അബ്രാമിനായിരുന്നെങ്കിലും അവന്റെ പിതാവ് അത് ഏറ്റെടുത്ത് അബ്രാമിനെയും അവന്റെ ഭാര്യയായ സാറായിയെയും ചെറുമകനായ ലോത്തിനെയും കൊണ്ട് കനാനിലേക്ക് യാത്രയായി കൽദയരുടെ ദേശമായ ഊരിൽ ചില ദിവസങ്ങൾ താമസിച്ചു. അവർ ഹാരാനിൽ ഏകദേശം മുപ്പതിനും നാല്പതിനുമിടയ്ക്ക് വർഷങ്ങൾ താമസിച്ച് സമ്പത്ത് വർദ്ധിപ്പിച്ചു. തേരഹ് മരിച്ചപ്പോൾ അബ്രാമിന് യാത്ര തുടരാനുള്ള വിളി ദൈവത്തിൽ നിന്നും ഉണ്ടായി (ഉൽപ്പത്തി 12:1–3). ലോത്തിനെയും ഭാര്യയെയും അബ്രാം തന്റെ യാത്രയിൽ കൂടെ കൂട്ടി. ഇത് ദൈവഹിതത്തിന് എതിരായിരുന്നതിനാൽ അബ്രാമിൽ ദൈവം സന്തുഷ്ടനായില്ല. ഒരു കുടുംബം മറ്റുള്ളവരുമായി ഇടപഴകിയാൽ ദൈവത്തിന് ആ കുടുംബത്തെ അനുഗ്രഹിക്കുവാൻ കഴിയുകയില്ല. എന്നിട്ടും ദൈവം അബ്രാമിനോടൊപ്പം ഉണ്ടായിരുന്നു. ഇവർ കാനാനിൽ പ്രവേശിച്ച് ശേഖേമിൽ താമസമാക്കി. പിന്നീട് അവർ ബെഥേലിൽ താവളമടിച്ചു. ദൈവം അബ്രാമിനു പ്രത്യക്ഷപ്പെട്ട കനാന്യരുടെ ദേശം അവനും അവന്റെ സന്തതി പരമ്പരകൾ

3-ാം പേജിൽ തുടരും...

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## *from your dearly beloved brother...*



**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


**CHIEF EDITOR**

Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**

Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**

Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**

Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M.Phil., B.Ed.

**EDITOR, PUBLISHER & PRINTER**



Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**

sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**

www.echoofhiscall.org
www.stpaulsmatriculation.com


**"ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കിവരുത്തും..." ആമോസ് 9:14**

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ സ്നേഹമുള്ള നാമം മഹത്വപ്പെടട്ടെ. വിളിയുടെ പ്രതിധ്വനി എന്ന ഈ മാസികയിലൂടെ നിങ്ങളെ അഭിവാദ്യം ചെയ്യുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

ഡിസംബർ 2021, ജനുവരി 2022 എന്നീ മാസങ്ങളിലെ ഞങ്ങളുടെ പ്രവർത്തനങ്ങളെ ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചു. സണ്ടേസ്കൂൾ കുട്ടികളുടെ ശുശ്രൂഷ, നെഹെമ്യ ബൈബിൾ കോളേജിന്റെ ഹിന്ദി ഭാഷയിലെ ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയവയോടൊപ്പം ഞങ്ങളുടെ ക്രിസ്തുമസ്-പുതുവത്സര കൂട്ടായ്മകളും അനുഗ്രഹപ്രദമായിരുന്നു.

2022 ജനുവരി 3-ാം തിയതി ആരംഭിച്ച ഹിന്ദി ഭാഷയിലെ ഓൺലൈൻ കോഴ്സിനെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. അനേകം പേർ ഈ കോഴ്സിൽ ചേർന്നുകഴിഞ്ഞു. കോളേജിൽ പോയി പഠിക്കാൻ കഴിയാത്ത ഹിന്ദി സംസാരിക്കുന്ന വടക്കെ ഇന്ത്യയിലെ ദരിദ്രരായ വിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഈ കോഴ്സ് നടത്തുന്നത്.

ഞങ്ങളുടെ സണ്ടേസ്കൂൾ കുട്ടികളുടെ ശുശ്രൂഷയ്ക്കായി ദൈവം ഒരു നേതാക്കളുടെ ഒരു സംഘത്തെ തന്നെ തന്നിരിക്കുന്നു. ഈ സംഘത്തിന്റെ ചിത്രം താഴെ കൊടുക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയിൽ അവരെ ഓർക്കുവിൻ.



നെഹെമ്യ ബൈബിൾ കോളേജിന്റെ ചെയർമാനായ ഞങ്ങളുടെ പ്രീയപ്പെട്ട പാസ്റ്റർ എം. മുത്തുവിന്റെ പൂർണ്ണ ആരോഗ്യത്തിനായും വിളിയുടെ പ്രതിധ്വനിയുടെ അസ്സോസിയേറ്റ് എഡിറ്ററായ ബ്രദർ. എം. പോൾരാജിനെ ദൈവം പ്രത്യേകമായി സ്പർശിച്ച് പരിപൂർണ്ണ വിടുതൽ പ്രാപിക്കുവാനുമായി നമുക്ക് ഒത്തൊരുമിച്ച് പ്രാർത്ഥിക്കാം. അവർ നമ്മുടെ വ്യത്യസ്ത പ്രവർത്തനങ്ങളിലെ നെടുംതൂണുകളാണ്.

നിങ്ങളുടെ ജീവിതത്തിൽ വൻ കാര്യങ്ങൾ സംഭവിക്കുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) ✪ BIBLECOR - Postal Courses (3 languages) ✪ Online Courses ✪ Theological Correspondence Courses (2 languages) ✪ Church Planting ✪ Nehemiah Bible Colleges ✪ Gospel Printing Press ✪ Great Commission Partners ✪ St. Paul's Matriculation School ✪ Crusades ✪ Community Development

1-ാം പേജിന്റെ തുടർച്ച...

ക്കും നൽകുമെന്ന് വാഗ്ദത്തം ചെയ്തു (ഉൽപ്പത്തി 12:7).

കന്നുകാലികൾ, സ്വർണ്ണം, വെള്ളി എന്നിവയിൽ അബ്രാം സമ്പന്നനായിരുന്നു. ദിവസങ്ങൾ കടന്നുപോയപ്പോൾ അബ്രാമിന്റെയും ലോത്തിന്റെയും കന്നുകാലികൾ വളരെയധികം വർദ്ധിച്ചതിനാൽ അവയെ മേയിക്കുന്നതിനെചൊല്ലി ഇടയന്മാർ തമ്മിൽ ചെറിയ വഴക്ക് ഉണ്ടായിത്തുടങ്ങി. അതുകൊണ്ട് അവർ സമാധാനപരമായി പിരിയാൻ തീരുമാനിച്ചു. യോർദ്ദാന്റെ സമഭൂമിയായ സോദോമും ഗോമോറയും ഫലഭൂയിഷ്ടമായ ദേശം ലോത്ത് തിരഞ്ഞെടുത്തു.

സോദോമിന്റെയും ഗോമോറയുടെയും രാജാക്കന്മാർക്കെതിരെ മറ്റു അഞ്ചു രാജാക്കന്മാർ വന്ന് ദേശത്തെ കൊള്ളയിടുകയും ലോത്തിനെയും അവന്റെ ഭാര്യയെയും മക്കളെയും സമ്പത്തിനെയും അവർ കൊണ്ടുപോകുകയും ചെയ്തു. വിവരം അറിഞ്ഞപ്പോൾ അബ്രാം യോദ്ധാക്കളായ 318 പേരുമായി ദാൻ വരെ അവരെ പിന്തുടർന്നു ആക്രമിച്ചു ദമസ്ക്കോസ് വരെ അവരെ ഓടിക്കുകയും ലോത്തിന്റേതുൾപ്പെടെ എല്ലാ കൊള്ളയും മടക്കിക്കൊണ്ടുവരികയും ചെയ്തു.

അവർ മടങ്ങി വരുമ്പോൾ ശാലേം രാജാവും ദൈവത്തിന്റെ പുരോഹിതനുമായ മൽക്കിസേദക്ക് അബ്രാമിനു അപ്പവും വെള്ളവും നൽകുകയും അനുഗ്രഹിക്കുകയും ചെയ്തു. അബ്രാം അവനു സകലത്തിലും ദശാംശം നൽകി (ഉൽപ്പത്തി 14:16-20).

## മൽക്കിസേദെക്ക് ആരായിരുന്നു?

ശാലേമിലെ രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായിരുന്നു മൽക്കിസേദെക്ക്. അബ്രാം തന്റെ വസ്തുവകകളിലെ പത്തിലൊന്ന് അവനു നൽകി. ശാലേം രാജാവിന്റെ പേര് നീതിയുടെ രാജാവ് എന്നും വിവർത്തനം ചെയ്യപ്പെടുന്നു, അതിന്റെ അർത്ഥമോ സമാധാനത്തിന്റെ രാജാവ് എന്നാകുന്നു. അവൻ പിതാവോ മാതാവോ വംശാവലിയോ ആദ്യമോ അന്ത്യമോ ഇല്ലാത്തവനാണ്. അവൻ ദൈവപുത്രനു തുല്യനായവനും നിത്യനായ പുരോഹിതനുമായതിനാൽ നീതിയുടെ രാജാവും ദൈവം സൃഷ്ടിച്ച സമാധാനത്തിന്റെ രാജാവുമാണ്. കൂടാതെ ദൈവം തിരഞ്ഞെടുത്ത മഹാനായ അബ്രാമിനെ അനുഗ്രഹിക്കുവാനായി ദൈവം തിരഞ്ഞെടുത്ത ഒരു അസ്തിത്വവുമാണ് അവൻ. മറ്റു രണ്ടു പേരായ ദാവീദും യേശുക്രിസ്തുവും മൽക്കിസേദെക്കിന്റെ അനുഗ്രഹം നേടിയതായി കാണുന്നില്ല എങ്കിലും അവരും ഒരേസമയം അതുല്യ യോഗ്യതയായ രാജാവും പുരോഹിതരും ആയിരുന്നു.

## രാജാക്കന്മാരും പുരോഹിതന്മാരും

ദൈവരാജ്യത്തിൽ നമ്മുടെ ദൈവവും പിതാവുമായവന് നമ്മെ രാജാക്കന്മാരും പുരോഹിതന്മാരുമായി യേശുക്രിസ്തു തീർക്കും (വെളിപ്പാട് 1:6). നമുക്ക് ലഭിക്കുന്നത് എത്ര വലിയ പദവിയാണ്?

ദാവീദ് രാജാവ് ഒരു രാജാവിന്റെയും പുരോഹിതന്റെയും ചുമതലകൾ നിർവ്വഹിച്ചു. രാജാവെന്ന നിലയിൽ അവൻ ദൈവത്തിന്റെ പെട്ടകത്തെ യെരുശലേമിലേക്ക് കൊണ്ടുവന്നു. പുരോഹിതന്മാർ പെട്ടകത്തെ ചുമലിൽ വഹിച്ചുകൊണ്ട് നടന്നപ്പോൾ ദാവീദ് അതിനു മുന്നിൽ നൃത്തം ചെയ്തു. തന്റെ രാജവസ്ത്രം അഴിച്ചുമാറ്റി പഞ്ഞിനൂലങ്കികൊണ്ടുള്ള ഏഫോദ് ധരിച്ചു ദൈവസന്നിധിയിൽ തന്നെത്താൻ താഴ്ത്തിക്കൊണ്ടാണ് ദാവീദ് നൃത്തം ചെയ്തത്. ഏഫോദ് പുരോഹിതന്മാരുടെ വസ്ത്രമാണ്. ദാവീദ് ഹോമയാഗവും സമാധാനയാഗവും അർപ്പിച്ചു. പിന്നീട് ദാവീദ് യെരുശലേമിൽ നിർമ്മിച്ച സമാഗമനകൂടാരത്തിനകത്ത് ഈ പെട്ടകം സ്ഥാപിച്ചു (2 ശമൂവേൽ 6:16-15). ദാവീദ് ഒരു രാജാവിന്റെയും പുരോഹിതന്റെയും ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചു എങ്കിലും താൻ എപ്പോഴും യുദ്ധങ്ങളിൽ ഏർപ്പെട്ടിരുന്നതിനാൽ തന്റെ രാജ്യം ഒരിക്കലും സമാധാനം ഉണ്ടായിരുന്നില്ല. വാസ്തവത്തിൽ, അനേകം യുദ്ധങ്ങളിലൂടെ രക്തം ചൊരിഞ്ഞിരുന്നതിനാൽ ദൈവം അവനെ ഒരു ആലയം പണിയുവാൻ അനുവദിച്ചില്ല.

## കർത്താവായ യേശുക്രിസ്തു

സെഖര്യാവ് 9:9ൽ യേശുവിനെ രാജാവായും എബ്രായർ 7:16,17ൽ അവനെ ഒരു മഹാപുരോഹിതനായും രേഖപ്പെടുത്തിയിരിക്കുന്നു. സഹസ്രാബ്ദത്തിൽ അവൻ രണ്ടു ചുമതലകളും ഒരുമിച്ചു നിർവ്വഹിക്കും. "നീ മൽക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്നു യഹോവ സത്യം ചെയ്തു" എന്ന് ദാവീദ് പ്രവചനാത്മകമായി പറഞ്ഞിരിക്കുന്നു (സങ്കീർത്തനങ്ങൾ 110:4).

## പുതിയ ഉടമ്പടിയുടെ നിയമം

അബ്രാമിനു 99 വയസ്സായപ്പോൾ കർത്താവ് അവനു പ്രത്യക്ഷനായി ഇങ്ങനെ പറഞ്ഞു: "ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു; നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക" (ഉൽപ്പത്തി 17:1). വാഗ്ദത്ത പുത്രന്റെ വരവിനായി കാത്തിരിക്കുന്ന വേളയിൽ എല്ലാ കാര്യത്തിലും ദൈവത്തെ അനുസരിക്കാതിരുന്ന വേളയിൽ ഇതു ദൈവം അബ്രാമിനു നൽകിയ മുന്നറിയിപ്പാണ്. അബ്രാമിനു താഴെ കൊടുത്തിരിക്കുന്ന കൃത്യവിലോപം ഉണ്ടായിരുന്നു. അതിനാൽ അവൻ അനുഗ്രഹം നേടുവാൻ താമസമുണ്ടായി.

1. കനാൻ ദേശത്തു ക്ഷാമം ഉണ്ടായപ്പോൾ അബ്രാം സാറായിയെയും ലോത്തിനെയും കൊണ്ട് മിസ്രയീമിലേക്കു പോയി. സാറാവളരെയധികം സുന്ദരിയായതിനാൽ, അതിന്റെ പേരിൽ അവരെ ഉപദ്രവിക്കുമെന്നു പേടിച്ച് അബ്രാം സഹോദരനാണെന്നു പറയാൻ അവളോടു പറഞ്ഞു. അവളെ കണ്ടപ്പോൾ ഫറവോന്റെ സന്നിധിയിലേക്ക് പ്രഭുക്കന്മാർ അവളെ കൂട്ടിക്കൊണ്ടുപോയി. അവൾ ചില ദിവസങ്ങൾ കൊട്ടാരത്തിലായിരുന്നു. ഈ കാരണത്താൽ ഫറവോൻ അബ്രാമിനെ നന്നായി പരിപാലിച്ചു.

## നികുതി ഇളവ്

**"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | |
|---|---|
| **Account Name** | **: ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | **: 1023 2923 805** |
| **Bank Name** | **: STATE BANK OF INDIA** |
| **Branch** | **: TRIPLICANE, CHENNAI - 600 005** |
| **IFSC Code** | **: SBIN 0000249** |
| **SWIFT Code** | **: SBI NIN BB 455** |

അവനു ആടുമാടുകളും ദാസീദാസന്മാരും വളരെയധികം ലഭിച്ചു. ദാസിമാരുടെ കൂട്ടത്തിലുള്ളവളായിരുന്നു ഹാഗർ. സാറായി കാരണം ദൈവം ഫറവോനെ ബാധിച്ചു. ഫറവോൻ തന്റെ തെറ്റു മനസ്സിലാക്കി സാറായിയെ തിരികെ നൽകിയിട്ട് അവരെയെല്ലാം മിസ്രയീമിൽനിന്നും പുറത്താക്കി. മിസ്രയീമിലേക്കു പോകുന്നതിനുമുമ്പ് അബ്രാം ദൈവത്തോട് അനുവാദം ചോദിച്ചില്ല.

2. ദൈവം അബ്രാമിനു പ്രത്യക്ഷപ്പെട്ട് അവനെ അനുഗ്രഹിക്കുമെന്ന് പറഞ്ഞു. അവന് സന്താനങ്ങളില്ലാത്തതിനാൽ അവന്റെ ദാസനായ എലിയാസറാണ് അവന്റെ അവകാശി എന്ന് മറുപടിയായി അബ്രാം പറഞ്ഞു. അവൻ നിന്റെ അവകാശി ആകയില്ല എന്നും അവന്റെ അവകാശി സ്വന്തം രക്തത്തിൽ നിന്നും പിറക്കുന്നവനായിരിക്കും എന്നും ദൈവം പറഞ്ഞു. ദൈവം അവനെ കൂടാരത്തിനു പുറത്തു കൊണ്ടുപോയി നക്ഷത്രങ്ങളെ കാണിച്ചുകൊടുത്തിട്ട് അവന്റെ സന്തതികൾ ഇതുപോലെ എണ്ണമറ്റതാകും എന്നു പറഞ്ഞു (ഉൽപ്പത്തി 15:1-5). ഈ വാഗ്ദത്തം ദൈവം അവനു നൽകുമ്പോൾ അബ്രാമിനു 75 വയസ്സായിരുന്നു.

3. വാഗ്ദത്തം നിറവേറുവാൻ താമസിച്ചപ്പോൾ അവർ ക്ഷമയില്ലാത്തവരായി. സാറായി ദാസിയായ ഹാഗാറിനെ അബ്രാമിന്റെ അടുക്കലേക്ക് പറഞ്ഞുവിട്ടു. അത് അബ്രാം എതിർത്തില്ല എന്നു മാത്രമല്ല തന്റെ 86-ാം വയസ്സിൽ ഹാഗാർ അബ്രാമിനു യിശ്മായേൽ എന്ന പുത്രനെ നൽകി.

ഈ പ്രവൃത്തി ദൈവത്തിനു പ്രസാദമല്ലായിരുന്നു. അബ്രാമിനു 99 വയസ്സാകുന്നതുവരെ ദൈവം അവനോടു സംസാരിച്ചില്ല. ഒരു പെൺകുട്ടിയെ കൂടി വിവാഹം കഴിക്കുന്നത് അന്നത്തെ കാലത്ത് തെറ്റൊന്നുമല്ലായിരുന്നു. പക്ഷെ ഇവിടെ ദൈവം വലിയ ഉദ്ദേശത്തോടെ തിരഞ്ഞെടുത്ത നായകനായിരുന്നു അബ്രാം. ഇതിൽ അബ്രാം ദൈവത്തോട് അനുസരണക്കേടു കാണിച്ചു.

അതിനാൽ അബ്രാം ദൈവത്തിന്റെ മുമ്പിൽ കുറ്റമില്ലാത്തവനായിരിക്കുവാൻ ദൈവം ആഗ്രഹിച്ചു. തനിക്കും തന്റെ സന്തതികൾക്കും ജനിക്കുന്ന എല്ലാ ആൺകുട്ടികളും എട്ടാം ദിവസം പരിച്ഛേദന ഏൽക്കണം എന്ന ഒരു ഉടമ്പടി ദൈവം അബ്രാമുമായി വച്ചു. ജനങ്ങളുടെ വേദനയിലൂടെയാണ് ഉടമ്പടി സ്ഥാപിതമായത്. ഉടമ്പടി പ്രകാരം ദൈവം അബ്രാമിനെ വളരെയധികം വർദ്ധിപ്പിക്കും. അനേകം രാഷ്ട്രങ്ങളുടെ പിതാവാകാനുള്ളതിനാൽ അവന്റെ പേര് അബ്രഹാം എന്ന് മാറ്റി. കൂടതെ അനേകം രാഷ്ട്രങ്ങളുടെയും അനേകം രാജാക്കന്മാരുടെ മാതാവ് ആകേണ്ടതിനാൽ സാറായിയുടെ പേര് സാറാ എന്നാക്കി ദൈവം മാറ്റി (ഉൽപ്പത്തി 17:1-16). വാഗ്ദത്തം ചെയ്ത പ്രകാരം സാറാ ഒരു ആൺകുഞ്ഞിനു ജന്മം നൽകി അവനെ യിസ്ഹാക്ക് എന്ന് നാമകരണം ചെയ്തു. അപ്പോൾ അബ്രഹാമിന് 100 വയസ്സും സാറായ്ക്ക് 90 വയസ്സുമായിരുന്നു. ദൈവത്തിന് അസാദ്ധ്യമായിട്ട് ഒന്നുമില്ലല്ലോ!

## ഏറ്റവും വലിയ പരീക്ഷണം!

അബ്രഹാമിനെ പരീക്ഷിക്കാൻ ദൈവം തീരുമാനിച്ചു. "നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ കൂട്ടിക്കൊണ്ട് മോരിയാദേശത്തു ചെന്നു, അവിടെ ഞാൻ നിന്നോടു കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക" എന്നു ദൈവം കല്പിച്ചു. അവന്റെ തലയിൽ ഇടി വീണതുപോലെ അവനു തോന്നിക്കാണും. പക്ഷെ ഒരു മകനെ തന്ന ദൈവം എന്തെങ്കിലും വഴി ഒരുക്കും എന്നു വിശ്വസിച്ചു. മകനെ യാഗം കഴിക്കുവാനായി വിറകും തീയും എടുത്ത് അവർ അതിരാവിലെ യാത്രയായി. മലയുടെ മുകളിൽ എത്തിയപ്പോൾ യിസ്ഹാക്ക് "തീയും വിറകുമുണ്ട്, എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ" എന്നു അബ്രഹാമിനോടു ചോദിച്ചു. "ദൈവം തനിക്ക് ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊള്ളും മകനേ" എന്ന് ഉത്തരം പറഞ്ഞു.

യാഗപീഠം ഒരുക്കി അബ്രഹാം തന്റെ മകനെ അതിന്മേൽ കിടത്തി. പിന്നെ കൈ നീട്ടി മകനെ അറുക്കേണ്ടതിനു കത്തി എടുത്തു. അപ്പോൾ ദൈവത്തിന്റെ ദൂതൻ "അബ്രഹാമേ, അബ്രഹാമേ, ബാലന്റെ മേൽ കൈ വയ്ക്കരുതു; നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ടു നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു" എന്നു പറഞ്ഞു. വേദപുസ്തകം പറയുന്നത് ദൈവം മകനെ ചോദിച്ചപ്പോൾ മരിച്ചവരുടെ ഇടയിൽനിന്നും ഉയിർപ്പിക്കാൻ ദൈവം ശക്തൻ എന്നു എണ്ണുകയും അവരുടെ ഇടയിൽനിന്നു എഴുന്നേറ്റവനെപ്പോലെ അവനെ തിരികെ പ്രാപിക്കയും ചെയ്തു എന്നാണ് (എബ്രായർ 11:17-19). "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു; അതു അവന്നു നീതിയായി കണക്കിട്ടു" (ഗലാത്യർ 3:6). അങ്ങനെ

06-ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ

റസിഡൻഷ്യൽ/ സായാഹ്ന കോളേജ്

വേളാച്ചേരി/ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : ഹിന്ദി/തമിഴ്

ECHO OF HIS CALL 1969-2019 (ECHO GROUP)

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd. 1969

അപേക്ഷകനുള്ള മെമ്പർഷിപ്പ്

ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ (ATA)

കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

**വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം**

**വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം**

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്

10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ

ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഫെബ്രുവരി 19** : മിഷണറി ദർശനമുള്ള അംഗങ്ങളെക്കൊണ്ട് മുഖ്യ സഭയെ അനുഗ്രഹിച്ചതിനായി.

**ഫെബ്രുവരി 20** : 1969 മുതൽ മാസിക ശുശ്രൂഷയോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ ദൈവം സമൃദ്ധിയായ അനുഗ്രഹിച്ചതിനായി.

**ഫെബ്രുവരി 21** : ബൈബിൾകോറിലേക്കും വേദശാസ്ത്ര വിദൂര പഠന കോഴ്സുകളിലേക്കും പുതിയ വിദ്യാർത്ഥികളെ ലഭിച്ചതിനായി.

**ഫെബ്രുവരി 22** : **വിളി**യുടെ **പ്രതിധ്വനി**യുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**ഫെബ്രുവരി 23** : സെന്റ് പോൾസ് മെട്രിക്കുലേഷൻ വിദ്യാലയത്തിലെ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർക്കായി.

**ഫെബ്രുവരി 24** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കും.

**ഫെബ്രുവരി 25** : നമ്മുടെ പ്രവർത്തകരുടെമേൽ ചൊരിഞ്ഞ സമൃദ്ധമായ അനുഗ്രഹങ്ങൾക്കായി.

**ഫെബ്രുവരി 26** : എല്ലാ സഭകളിലെയും ശുശ്രൂഷകർക്കായും അംഗങ്ങൾക്കായും.

**ഫെബ്രുവരി 27** : ഞങ്ങളുടെ സുവിശേഷ അച്ചടിശാലയിൽ 17 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസികകൾ അച്ചടിക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**ഫെബ്രുവരി 28** : കഴിഞ്ഞ മാസത്തെ ആവശ്യങ്ങൾ നിറവേറ്റിയതിനാൽ.

**മാർച്ച് 01** : നമ്മുടെ സുവിശേഷ അച്ചടിശാലക്കായും കാര്യക്ഷമതയുള്ള ജീവനക്കാരുമായി അതിന്റെ തുടരെയുള്ള അച്ചടി എന്നിവക്കായി.

**മാർച്ച് 02** : ഹിന്ദി ഓൺലൈൻ വേദശാസ്ത്ര പഠനത്തെ ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 03** : സീനിയർ പാസ്റ്ററെയും കുടുംബത്തെയും എല്ലാ തിന്മകളിൽനിന്നും ദൈവം സംരക്ഷിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**മാർച്ച് 04** : എല്ലാ ക്രിസ്തീയ സംഘടനകളുടെയും അനുഗ്രഹത്തിനും സംരക്ഷണയ്ക്കുമായി.

**മാർച്ച് 05** : രാഷ്ട്രങ്ങൾ തമ്മിലുള്ള ഐക്യത്തിനും സമാധാനത്തിനുമായി.

**മാർച്ച് 06** : ഞങ്ങളുടെ ജീവനക്കാരുടെ ആരോഗ്യത്തിനായി.

**മാർച്ച് 07** : സുവിശേഷം എത്തിച്ചേരാത്തിടങ്ങളിൽ സുവിശേഷവുമായി കടന്നുചെല്ലുവാൻ സാധിച്ചതിനായി.

**മാർച്ച് 08** : എല്ലാ പങ്കാളികൾക്കായും സംസ്ഥാന കോഡിനേറ്റർമാർക്കായും.

**മാർച്ച് 09** : ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ബ്രദർ എം. പോൾരാജിന്റെ ആരോഗ്യത്തിനായി.

**മാർച്ച് 10** : നമ്മുടെ എല്ലാ ശുശ്രൂഷാ പ്രവർത്തനത്തിനായി.

**മാർച്ച് 11** : ലോകമെമ്പാടുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷക്കായി.

**മാർച്ച് 12** : ഈ മാസത്തെ എല്ലാ ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

**മാർച്ച് 13** : കൊറോണാ വൈറസ് ഈ ഭൂമിയിൽ നിന്നും തുടച്ചുമാറ്റുവാനുള്ള ദൈവകൃപയ്ക്കായി.

**മാർച്ച് 14** : 2022-ാം വർഷത്തിൽ ദൈവത്തിന്റെ സമൃദ്ധമായ കരുണയ്ക്കായി.

**മാർച്ച് 15** : നമ്മുടെ രാജ്യത്തിനായും, രാജ്യത്തിന്റെ സാമ്പത്തിക ഉയർച്ചയ്ക്കായും.

**മാർച്ച് 16** : ലോകം മുഴുവനുമുള്ള എല്ലാവരുടെയും സുരക്ഷയ്ക്കായി.

**മാർച്ച് 17** : ഒമിക്രോൺ മഹാമാരിയിൽ നിന്നും നാമെല്ലാവരും സുരക്ഷിതരായിത്തീരുവാൻ.

**മാർച്ച് 18** : നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബത്തെയും എല്ലാ തിന്മകളിൽനിന്നും ദൈവം സംരക്ഷിക്കുവാൻ.

... 4-ാം പേജിന്റെ തുടർച്ച

ദൈവം അബ്രഹാമിനെ എല്ലാ വിശ്വാസികളുടെയും പിതാവാക്കി.

ദൈവം സൃഷ്ടിച്ച മനുഷ്യനായ ആദാം അനുസരണക്കേടിനാൽ പരാജയപ്പെട്ടു. നീതിമാനായ നോഹയുടെയും സന്തതികളുടെയും പരമ്പര പരാജയപ്പെട്ടു. അതിനാൽ തലമുറ തലമുറയായി തന്നെ സേവിക്കേണ്ടതിന് ഭക്തിയുള്ള തലമുറ ഉണ്ടാകാൻ ദൈവം കൽദയരിൽ നിന്നും ഒരു നീതിമാനെ തിരഞ്ഞെടുത്തു (സങ്കീർത്തനങ്ങൾ 22:30). അങ്ങനെ നല്ല ഉയരമുള്ള അബ്രഹാമിനെ ദാവീദ് രാജാവിനോടും യേശുക്രിസ്തുവിനോടുമൊപ്പം ചേർത്തു.

## ദാവീദ് രാജാവ്

യിസ്രായേൽ ജനതയ്ക്ക് ദൈവം അവരുടെ രാജാവായിരുന്നു, ശമൂവേൽ അവസാനത്തെ ന്യായാധിപനും പ്രവാചകനുമായിരുന്നു. മറ്റുള്ള രാജ്യങ്ങളുമായുള്ള യുദ്ധം നയിക്കുവാനായി അവർക്ക് ഒരു രാജാവിനെ വാഴിച്ചു തരണമെന്ന് യിസ്രായേൽ ജനത ശമൂവേൽ പ്രവാചകനോട് ആവശ്യപ്പെട്ടു. ഇതിൽ ശമൂവേൽ നിരാശനായിരുന്നു. “യഹോവ ശമൂവേലിനോട് അരുളിച്ചെയ്തതെന്തെന്നാൽ: ജനം നിന്നോടു പറയുന്ന സകലത്തിലും അവരുടെ അപേക്ഷ കേൾക്ക; അവർ നിന്നെയല്ല, ഞാൻ അവരെ ഭരിക്കാതവണ്ണം എന്നെയാകുന്നു ത്യജിച്ചിരിക്കുന്നതു” (1ശമൂവേൽ 8:7). അങ്ങനെ ബെന്യാമീൻ ഗോത്രക്കാരനായ കീശിന്റെ മകൻ ശൗലിനെ രാജാവായി തിരഞ്ഞെടുത്തു.

ദൈവം ശമൂവേലിനോടു സംസാരിച്ചിട്ട് പറഞ്ഞത്: യിസ്രായേല്യർ മിസ്രയീമിൽ നിന്നും കാനാനിലേക്ക് യാത്ര ചെയ്യുന്ന സമയം പതിയിരുന്ന അമാലേക്യരെ ആക്രമിക്കാൻ ശൗലിനോട് പറക എന്നു പറഞ്ഞു. ശൗൽ അമാലേക്യരുടെ ഒന്നും ബാക്കി വയ്ക്കാതെ എല്ലാം നശിപ്പിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. അമാലേക്യരെ ശൗൽ പൂർണ്ണമായി നശിപ്പിച്ചു എങ്കിലും അവരുടെ രാജാവായ ആഗാഗിനെ ജീവനോടെ ശേഷിപ്പിച്ചു. കൂടാതെ ഏറ്റവും നല്ല ആടുകളെയും കാളകളെയും തടിച്ച മൃഗങ്ങളെയും കുഞ്ഞാടുകളെയും മറ്റു നല്ലതെല്ലാത്തിനെയും നശിപ്പിക്കാതെ സൂക്ഷിച്ചു. നിന്ദിതരെയും വിലയില്ലാത്തതിനെയും മാത്രം അവർ നശിപ്പിച്ചു.

ദൈവത്തിന്റെ അരുളപ്പാട് ശമൂവേലിനുണ്ടായതെന്തെന്നാൽ “ഞാൻ ശൗലിനെ രാജാവായി വാഴിച്ചതിനാൽ എനിക്കു മനസ്താപമായിരിക്കുന്നു; അവൻ എന്നെ വിട്ടുമാറിയിരിക്കുന്നു; എന്റെ കല്പനകളെ നിവർത്തിച്ചതുമില്ല” (1ശമൂവേൽ 15:11). ശമൂവേലിനെ കണ്ടപ്പോൾ താൻ കർത്താവിന്റെ കല്പന നിറവേറ്റി എന്നാണ് ശൗൽ പറഞ്ഞത്. ശമൂവേൽ ചോദിച്ചത്: “എന്റെ ചെവിയിൽ എത്തുന്ന ആടുകളുടെ ഈ കരച്ചിലും ഞാൻ കേൾക്കുന്ന കാളകളുടെ മുക്കുറയും എന്ത്?” (1ശമൂവേൽ 15:14). അത് കർത്താവിനു യാഗം കഴിക്കാൻ കൊണ്ടുവന്നതാണെന്ന് ശൗൽ പറഞ്ഞു. അപ്പോൾ “ശമൂവേൽ പറഞ്ഞതു: യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു. മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു; നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ടു അവൻ നിന്നെയും രാജസ്ഥാനത്തിൽനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു” (1ശമൂവേൽ 15:22,23).

## ദാവീദ് രാജാവായി അഭിഷിക്തനാകുന്നു

ശമൂവേൽ ശൗലിനെ ഓർത്തു വിലപിച്ചു. ദൈവം അവനോടു: “നീ അവനെക്കുറിച്ച് എത്രത്തോളം ദുഃഖിക്കും? കൊമ്പിൽ തൈലം നിറച്ചു പുറപ്പെടുക; ഞാൻ നിന്നെ ബെത്ലഹേമ്യനായ യിശ്ശായിയുടെ അടുക്കൽ അയക്കും; അവന്റെ മക്കളിൽ ഞാൻ ഒരു രാജാവിനെ കണ്ടിരിക്കുന്നു എന്നു കല്പിച്ചു”. ശമൂവേൽ ബെത്ലഹേമിൽ പോയി തിരഞ്ഞെടുപ്പിനുള്ള നടപടി ആരംഭിച്ചു. യിശ്ശായിയുടെ എട്ട് ആൺമക്കളിൽ ഏറ്റവും ഇളയവനായ ദാവീദ് അപ്പന്റെ ആടുകളെ മേയ്ക്കാൻ പോയിരിക്കുകയായിരുന്നു. ആദ്യത്തെ മകനായ ഏലിയാബിൽ ശമൂവേലിന് മതിപ്പുണ്ടായി. പക്ഷെ ദൈവം പറഞ്ഞു: “അവന്റെ മുഖമോ പൊക്കമോ നോക്കരുതു; ഞാൻ അവനെ തള്ളിയിരിക്കുന്നു; മനുഷ്യൻ നോക്കുന്നതു പോലെയല്ല; മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു എന്ന് അരുളിച്ചെയ്തു” (1ശമൂവേൽ 16:7). ഏഴുപേരും നിരനിരയായി വന്നു എങ്കിലും അവരെ ആരെയും തിരഞ്ഞെടുത്തില്ല. അപ്പോൾ വയലിൽ നിന്ന് ദാവീദിനെ വിളിച്ചു വരുത്തി. “അവൻ പവിഴനിറമുള്ളവനും സുനേത്രനും കോമളരൂപിയും ആയിരുന്നു. അപ്പോൾ യഹോവ: എഴുന്നേറ്റു ഇവനെ അഭിഷേകം ചെയ്ക; ഇവൻ തന്നെ ആകുന്നു എന്നു കല്പിച്ചു”. അവന്റെ സഹോദരന്മാരുടെ മുന്നിൽ വച്ച് അഭിഷേകം ചെയ്തു, കർത്താവിന്റെ ആത്മാവ് അവന്റെമേൽ വന്നു. ദാവീദിനെ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്തു എങ്കിലും ശൗൽ തന്നെ രാജാവായി തുടർന്നു.

## ദാവീദ് ഗോല്യാത്തിനെ കൊല്ലുന്നു

ആ കാലത്ത് യിസ്രായേലിനെതിരെ ഫെലിസ്ത്യർ സോഖോവിനും അസേക്കെക്കും മദ്ധ്യേ പാളയമിറങ്ങി. യിസ്രായേല്യർ ഏലാ താഴ്‌വരയിലും പാളയമിറങ്ങി. രണ്ടു പട്ടാളങ്ങളും നേർക്കുനേർ വന്നപ്പോൾ 9.75 അടി ഉയരമുള്ള ഗോല്യാത്ത് എന്ന ഫെലിസ്ത്യ മല്ലൻ മുന്നോട്ടു വന്ന് താനുമായി മല്ലയുദ്ധം ചെയ്യാൻ ഒരു യിസ്രായേല്യനെ അയക്കാൻ വെല്ലുവിളിച്ചു. അവൻ 40 ദിവസം രാവിലെയും വൈകുന്നേരത്തും മുന്നോട്ടു വന്ന് ഈ വെല്ലുവിളി ആവർത്തിച്ചുകൊണ്ടിരുന്നു.

ഈ വെല്ലുവിളി സ്വീകരിക്കുവാൻ ഭയം കാരണം ആരും മുന്നോട്ടുവന്നില്ല. യിശ്ശായിയുടെ മൂന്നു പുത്രന്മാർ യിസ്രായേല്യ പാളയത്തിൽ ഉണ്ടായിരുന്നു. ആഹാരവുമായി ദാവീദ് അവരെ സന്ദർശിക്കാറുണ്ടായിരുന്നു. ആ മല്ലൻ ദൈവത്തെ നിന്ദിക്കുന്ന രീതിയിൽ മുന്നോട്ടു വന്ന് ഭീഷണി മുഴക്കുന്നത് അവൻ കണ്ടു. ഈ ഫെലിസ്ത്യ മല്ലനെ കൊല്ലുന്നവന് തന്റെ മകളെ വിവാഹം കഴിച്ചു നൽകുന്നതു കൂടാതെ അനവധി സമ്പത്തും നൽകുമെന്ന് ശൗൽ പ്രഖ്യാപിച്ചിരുന്നു. (1ശമൂവേൽ 17:26).

ദാവീദ് മല്ലന്റെ വെല്ലുവിളിയെക്കുറിച്ച് സംസാരിക്കുന്നതു കേട്ട സഹോദരന്മാർ അവനെ വഴക്കു പറഞ്ഞു എങ്കിലും ദാവീദ് പതറിയില്ല. “ദാവീദ് ശൗലിനോട്: ഇവന്റെ നിമിത്തം ആരും അധൈര്യപ്പെടേണ്ടാ; അടിയൻ ചെന്നു ഫെലിസ്ത്യനോടു അങ്കംപൊരുതും എന്നു പറഞ്ഞു” (1ശമൂവേൽ 17:32). “ഇങ്ങനെ അടിയൻ സിംഹത്തെയും കരടിയെയും കൊന്നു; ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ജീവനുള്ള ദൈവത്തിന്റെ സൈന്യത്തെ നിന്ദിച്ചിരിക്കകൊണ്ടു അവനും അവയിൽ ഒന്നിനെപ്പോലെ ആകും” എന്നും ദാവീദ് കൂട്ടിച്ചേർത്തു (1ശമൂവേൽ 17:36). ഈ ഫെലിസ്ത്യ മല്ലനെ പരാജയപ്പെടുത്താൻ കഴിയുമെന്ന് ദാവീദിന് ഉറപ്പുണ്ടായിരുന്നു. “യഹോവ നിന്നോടുകൂടെ ഇരിക്കും” എന്നു പറഞ്ഞ് ശൗൽ ദാവീദിനെ യാത്രയാക്കി.

ശൗൽ ദാവീദിനെ തന്റെ പടച്ചട്ട അണിയിച്ചെങ്കിലും പരിചയമില്ലാത്തതിനാൽ അവന് അത് അണിയാൻ സാധിച്ചില്ല. ദാവീദ് തോട്ടിൽ നിന്ന് മിനുസമുള്ള അഞ്ചു കല്ലുകൾ എടുത്തു ഇടയ സഞ്ചിയിലാക്കി കവിണയും എടുത്ത് മല്ലന്റെ മുമ്പിൽ എത്തി. ഗോല്യാത്ത് തന്റെ ദൈവങ്ങളെക്കൊണ്ട് ദാവീദിനെ ശപിച്ചു. തന്റെ മാംസം ആകാശത്തിലെ പക്ഷികൾക്കും കാട്ടിലെ മൃഗങ്ങൾക്കും കൊടുക്കും എന്ന് അവൻ പറഞ്ഞു. അപ്പോൾ ദാവീദ് ഇങ്ങനെ പറഞ്ഞു:

"നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽനിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു. യഹോവ നിന്നെ ഇന്നു എന്റെ കൈയ്യിൽ ഏല്പിക്കും; ഞാൻ നിന്നെ കൊന്നു നിന്റെ തല ഛേദിച്ചുകളയും; അത്രയുമല്ല ഞാൻ ഇന്നു ഫെലിസ്ത്യ സൈന്യങ്ങളുടെ ശവങ്ങളെ ആകാശത്തിലെ പക്ഷികൾക്കും ഭൂമിയിലെ മൃഗങ്ങൾക്കും ഇരയാക്കും; യിസ്രായേലിൽ ഒരു ദൈവം ഉണ്ടെന്നു സർവ്വഭൂമിയും അറിയും ..... യുദ്ധം യഹോവയ്ക്കുള്ളതു; അവൻ നിങ്ങളെ ഞങ്ങളുടെ കൈയ്യിൽ ഏല്പിച്ചുതരും" (1ശമൂവേൽ 17:45-47).

ദാവീദ് ഒരു കല്ല് എടുത്ത് കവിണയിൽ വച്ചു വീശി മല്ലന്റെ നെറ്റിയിലേക്ക് എറിഞ്ഞു. ആ കല്ല് അവന്റെ നെറ്റിയിൽ കൊണ്ടു. അവൻ വീണു. ദാവീദ് ഓടിച്ചെന്ന് അവന്റെ മുകളിൽ കയറി നിന്ന് അവന്റെ വാൾ ഊരിയെടുത്ത് തല ഛേദിച്ചു. മല്ലൻ മരിച്ചു എന്നു കണ്ടപ്പോൾ ഫെലിസ്ത്യർ തിരിഞ്ഞോടി. യഹൂദ്യരും യിസ്രായേല്യരും പുറകെ പോയി അവരെ തുരത്തി. ദാവീദ് ഗോല്യാത്തിന്റെ തല എടുത്തു യെരുശലേമിലേക്ക് കൊണ്ടുവന്നു.

അത് യിസ്രായേലിന്റെ വിജയത്തിന്റെയും ആഘോഷത്തിന്റെയും ദിവസമായിരുന്നു. യിസ്രായേലിന്റെ എല്ലാ നഗരങ്ങളിൽനിന്നും സ്ത്രീകൾ പാടിയും നൃത്തം ചെയ്തും പുറപ്പെട്ടു. അവർ പറഞ്ഞു:

ശൗൽ ആയിരത്തെ കൊന്നു ദാവീദോ പതിനായിരത്തെ എന്നു ആർത്തു പാടി.

ഇതു കേട്ട ശൗൽ സന്തോഷവാനായില്ല. അസൂയ മൂത്ത് അവൻ ദാവീദിനെ ഇല്ലായ്മ ചെയ്യുവാൻ തീരുമാനിച്ചു. ദാവീദിന് അംഗീകാരം ലഭിച്ചു എങ്കിലും അത് അനുഭവിക്കുവാൻ കഴിഞ്ഞില്ല. ദാവീദ് തന്റെ ചില സ്നേഹിതരുമായി ജീവനുവേണ്ടി ഓടി കുന്നുകളിലും ഗുഹകളിലും ഒളിച്ചു താമസിച്ചു. രണ്ടു തവണ ദാവീദിന് ശൗലിനെ കൊല്ലാൻ അവസരം ലഭിച്ചെങ്കിലും അവൻ ഒന്നും ചെയ്തില്ല. തന്റെ കൂടെയുള്ളവരോട് അവൻ ഇങ്ങനെ പറഞ്ഞു: "യഹോവയുടെ അഭിഷിക്തനായ എന്റെ യജമാനന്റെ നേരെ കയ്യെടുക്കുന്നതായ ഈ കാര്യം ചെയ്‌വാൻ യഹോവ എനിക്ക് ഇടവരുത്തരുതേ; അവൻ യഹോവയുടെ അഭിഷിക്തനല്ലോ" (1ശമൂവേൽ 24:6).

ദാവീദ് പിന്നീട് സീഫിലുള്ള വനാന്തർഭാഗത്തേക്കു പോയി. ശൗലിന്റെ ആളുകൾ അവനെ പിന്തുടർന്നു. ദാവീദ് ശൗലിന്റെ അടുക്കൽ എത്തി. ദൈവത്തിന്റെ അഭിഷിക്തനെ ഒന്നും ചെയ്യരുതെന്ന് ദാവീദ് തന്റെ ആളുകളോടു പറഞ്ഞു. ഈ സമയത്താണ് ശമൂവേൽ പ്രവാചകൻ മരിക്കുന്നത്. അവനെ രാമയിലെ വീടിനു സമീപം അടക്കം ചെയ്തു.

ഫെലിസ്ത്യർ ശൂനേമിൽ വച്ച് ശൗലിന് എതിരെ വന്നതോടുകൂടി ശൗലിന്റെ മോശം സമയം ആരംഭിച്ചു. ശൗൽ തന്റെ ഭാവി അറിയുവാൻ ഒരു വെളിച്ചപ്പാടത്തിയുടെ അടുക്കൽ പോയി. മോശമായ വാർത്തയുമായാണ് അവൻ മടങ്ങി വന്നത്. യുദ്ധം ആരംഭിച്ചു, യുദ്ധത്തിൽ ശൗലും മക്കളും കൊല്ലപ്പെട്ടു. ആ സമയം ദാവീദ് സിക്ലാദിലായിരുന്നു.

യഹൂദ്യയിലെ ഏതെങ്കിലും നഗരത്തിൽ പോകണോ എന്ന് ദാവീദ് ദൈവത്തോട് ചോദിച്ചു. കർത്താവ് അവനോട് ഹെബ്രോനിലേക്ക് പോകുവാൻ പറഞ്ഞു. ഹെബ്രോനിലെ യഹൂദാ പുരുഷന്മാർ വന്ന് യഹൂദാ ഗൃഹത്തിന് ദാവീദിനെ രാജാവായി അഭിഷേകം ചെയ്തു. ദാവീദിന് അപ്പോൾ 30 വയസ്സായിരുന്നു. യിസ്രായേൽ ഗൃഹം അനേകം ചർച്ചകൾക്കുശേഷം ദാവീദിനെ മുഴുവൻ യിസ്രായേലിന്റെയും രാജാവാക്കി. ദാവീദ് 40 വർഷം യിസ്രായേലിൽ രാജാവായി വാണു. ദാവീദും ആളുകളും യിസ്രായേലിനെ ആക്രമിച്ചു കീഴടക്കി അതിനെ യിസ്രായേലിന്റെ തലസ്ഥാനമാക്കി.

ശൗൽ രാജാവായി തിരഞ്ഞെടുക്കപ്പെട്ടത് ജനങ്ങളുടെ ഹിതപ്രകാരം മാത്രമായിരുന്നു. പക്ഷെ ദാവീദിന്റെ രാജത്വം ദൈവത്തിന്റെ ഹിതപ്രകാരമായിരുന്നു.

## ദാവീദ് രാജാവിന്റെ ഗുണങ്ങൾ

1. ദാവീദ് എല്ലാ കാര്യങ്ങളിലും ദൈവത്തെ സ്തുതിച്ചു. ദൈവമഹത്വത്തിനായി 73-ലധികം സങ്കീർത്തനങ്ങൾ രചിച്ചു.
2. ദാവീദിന് ഫെലിസ്ത്യ ദേശത്ത് താമസിക്കുവാനുള്ള അനുവാദം അബീമേലെക്ക് നിഷേധിച്ചപ്പോഴും "ഞാൻ യഹോവയെ എല്ലാ കാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും" എന്ന് ദൈവത്തെ സ്തുതിച്ചു (സങ്കീർത്തനങ്ങൾ 34:1).
3. തന്നെ രാജാവാക്കിയതിന് അവൻ ദൈവത്തോട് നന്ദിയുള്ളവനായിരുന്നു. "തന്റെ ജനമായ യാക്കോബിനെയും തന്റെ അവകാശമായ യിസ്രായേലിനെയും മേയിക്കേണ്ടതിന്നു അവൻ അവനെ തള്ളയാടുകളെ നോക്കുന്ന വേലയിൽനിന്നു കൊണ്ടുവന്നു. അങ്ങനെ അവൻ പരമാർത്ഥഹൃദയത്തോടെ അവരെ മേയിച്ചു; കൈമിടുക്കോടെ അവരെ നടത്തി" (സങ്കീർത്തനങ്ങൾ 78:71,72).
4. "ദാവീദിനെ എനിക്കു ബോധിച്ച പുരുഷനായി കണ്ടു; അവൻ എന്റെ ഹിതം എല്ലാം ചെയ്യും" (അ.പ്രവൃത്തികൾ 13:22).
5. ദാവീദ് മിക്കവാറും എല്ലാ അയൽ രാജ്യങ്ങളെയും തോല്പിച്ച് അവരിൽ നിന്നും കപ്പം ഈടാക്കി. യുദ്ധത്തിനു പോകുന്നതിനുമുൻപ് ദൈവത്തോട് അഭിപ്രായം ചോദിക്കുവാൻ അവൻ മറന്നില്ല. ദൈവം അവനുവേണ്ടി യുദ്ധം ചെയ്തു.
6. അവൻ ചെറുപ്പമായിരുന്നപ്പോൾ ആടുകളെ കൊല്ലാൻ വന്ന സിംഹത്തെയും കരടിയെയും സ്വന്തം കൈകൾ കൊണ്ട് കൊന്നുകളഞ്ഞു. സ്വന്തം ജീവൻ അവൻ നോക്കിയില്ല. യേശുക്രിസ്തു പറഞ്ഞു: "ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു". ഈ മനോഭാവമാണ് ദാവീദിനെ രാജാവാക്കുവാൻ ദൈവത്തിന് ഹിതമായത്.
7. അവൻ തന്റെ പ്രജകളോട് ഉത്തരവാദിത്തമുള്ള ഭരണം കാഴ്ച വച്ചു. അവൻ യിസ്രായേലിന്റെ ഏറ്റവും മികച്ച ഭരണാധികാരിയായിരുന്നു. അവന്റെ ഭരണകാലത്ത് ജനങ്ങൾ സന്തുഷ്ടരായിരുന്നു.
8. ദാവീദിന്റെ കാലശേഷം തന്റെ മക്കൾക്ക് രാജത്വം സ്ഥാപിച്ചു നൽകുമെന്ന് ദൈവം വാഗ്ദത്തം ചെയ്തു. അവൻ ദൈവത്തിന് ആലയം പണിയുമെന്നും അവന്റെ രാജ്യത്തിന്റെ സിംഹാസനം എന്നേക്കും സ്ഥാപിക്കും എന്നും കല്പിച്ചു.
9. എന്നിരുന്നാലും ദാവീദ് കളങ്കമില്ലാത്തവനായിരുന്നില്ല. തന്റെ കൊട്ടാരത്തിനു സമീപം താമസിച്ചിരുന്ന ഹിത്യനായ ഊരിയാവിന്റെ ഭാര്യയായ ബെത്ശേബയോട് പൊറുക്കാൻ കഴിയാത്ത തെറ്റു ചെയ്തു. അവ

ളുടെ ഭർത്താവ് യുദ്ധത്തിനു പോയിരുന്ന സമയം അവൾ കുളിക്കുന്നത് ദാവീദ് കൊട്ടാരത്തിന്റെ മേൽത്തട്ടിൽ ഉലാത്തുമ്പോൾ കണ്ടു. അവന്റെ കണ്ണുകൾ അവളിൽ പതിയുകയും ആളയച്ച് അവളെ കൊട്ടാരത്തിൽ വരുത്തുകയും ചെയ്തു. അവൻ അവളോടുകൂടെ ശയിക്കുകയും അവൾ ഗർഭിണിയായി എന്നറിഞ്ഞപ്പോൾ അവളുടെ ഭർത്താവിനെ ഇല്ലാതാക്കുവാൻ ചിന്തിക്കുകയും അസ്വസ്ഥനായ ദാവീദ് അവനെ തന്ത്രപരമായി ഇല്ലാതാക്കുകയും ചെയ്തു. നാഥാൻ പ്രവാചകൻ ഈ കുറ്റം ദാവീദിനെ ഓർമ്മിപ്പിച്ചു. ദാവീദ് കുറ്റം സമ്മതിച്ചുകൊണ്ട് അലമുറയിട്ടു കരഞ്ഞു. തന്റെ ഹൃദയുത്തോടു ചേർന്നവനായിരുന്നെങ്കിലും ദൈവത്തിൽ നിന്ന് കഠിനമായ ശിക്ഷ ഏറ്റുവാങ്ങേണ്ടിവന്നു. ദാവീദ് തന്റെ പാപം ഏറ്റുപറഞ്ഞ് പാപമോചനം ദൈവത്തിൽ നിന്നും തേടിയപ്പോൾ ദൈവം അവന്റെ പാപങ്ങൾ മോചിച്ചുകൊടുത്തു.

ഏതു നിലവാരത്തിൽ നോക്കിയാലും യിസ്രായേലിന്റെ ഏറ്റവും മഹത്ത്വവാനായ രാജാവ് ദാവീദ് തന്നെയായിരുന്നു. അവന്റെ തിരക്കുകൾക്കിടയിലും അവൻ ദൈവത്തോടൊപ്പം നടന്നു. ദൈവത്തിന്റെ പെട്ടകം യിസ്രായേലിലേക്ക് മാറ്റുന്ന ഒരു ചെറിയ കാലഘട്ടത്തിൽ അദ്ദേഹം രാജാവും പുരോഹിതനുമായിരുന്നു. എന്തൊക്കെയായാലും യേശുക്രിസ്തുവിന്റെ വംശാവലിയിൽ ദാവീദ് മുഖ്യസ്ഥാനം അർഹിക്കുന്നു.

## യേശുക്രിസ്തു

യേശുക്രിസ്തു ദൈവവും, ദൈവപുത്രൻ എന്നു വിളിക്കപ്പെടുന്നത്രിത്വത്തിലെ അംഗവുമാണ്. അവൻ രാജാക്കന്മാരുടെ രാജാവും പ്രഭുക്കന്മാരുടെ പ്രഭുവും ആകാൻ പോകുന്ന മശിഹയാണ്. അവൻ ഒരേ സമയം രാജാവും മഹാപുരോഹിതനുമാണ്. ലോകത്തിന്റെ പാപങ്ങൾക്കു ബലിയായിത്തീരുവാനുള്ള കുഞ്ഞാടായിട്ടാണ് അവൻ ലോകത്തിലേക്കു വന്നത്. അടുത്തതായി മൽക്കിസേദെക്കിന്റെ രണ്ടു ഗുണങ്ങളുമുള്ള രാജാവും മഹാപുരോഹിതനുമായി വീണ്ടും വരും. അവൻ മൽക്കിസേദെക്കിനെക്കാളും വലിയവനും ആദിയും അന്തവുമില്ലാത്തവനുമാണ്. ഉയിർത്തെഴുന്നേറ്റ യേശു ഇപ്പോൾ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നു (സങ്കീർത്തനം 110:1).

## എല്ലാ അധികാരങ്ങളും യേശുവിനു നൽകിയിരിക്കുന്നു

ഭൂമിയെ ന്യായംവിധിക്കാനുള്ള അധികാരം യേശു ക്രിസ്തുവിനു നൽകപ്പെട്ടിരിക്കുന്നു (യോഹന്നാൻ 5:22). പിതാവ് എല്ലാ അധികാരങ്ങളും പുത്രനു നൽകിയിരിക്കുന്നു. അവൻ പിതാവിന്റെ അടുക്കൽ നിന്നും വന്നിരിക്കുന്നു അവിടേക്കു തന്നെ മടങ്ങിപ്പോകുമെന്നും അറിയുന്നു. അവൻ തന്നെത്താൻ താഴ്ത്തി ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി (യോഹന്നാൻ 13:3-5). ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാരോട് പ്രഖ്യാപിച്ചത് "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട്" (മത്തായി 28:18-19).

## യേശു വീണ്ടും വരും

ഹാബേലിന്റെ കാലം മുതൽ സ്നാപക യോഹന്നാന്റെ കാലം വരെയുള്ള എല്ലാ നീതിമാന്മാരും ഇപ്പോൾ പറുദീസയിൽ വിശ്രമിക്കുന്നു. അതുപോലെ പുതിയനിയമ കാലഘട്ടത്തിൽ യേശുവിൽ മരിച്ചവരും പറുദീസയിൽ ആണുള്ളത്. വേദപുസ്തകം പറയുന്നു: കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും (1തെസ്സലോനിക്യർ 4:16,17). പുനരുദ്ധാരണത്തിനുശേഷം കർത്താവായ യേശുക്രിസ്തു നമ്മെ സ്വർഗ്ഗത്തിലേക്ക് നയിക്കും.

കർത്താവിന്റെ വരവിന്റെ സമയം പിതാവിനല്ലാതെ മറ്റാർക്കും അറിയില്ല. കർത്താവിന്റെ വരവ് എതിർക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കു മുമ്പായിരിക്കുമെന്ന് ചിലർ അവകാശപ്പെടുന്നു. കാരണം, തിരഞ്ഞെടുക്കപ്പെട്ടവർ അവനെയും അവന്റെ ചതിക്കുന്ന ഭരണത്തെയും നേരിടുകയില്ല. ചിലർ 2 തെസ്സലോനിക്യർ 2:3 ചൂണ്ടിക്കാണിക്കാറുണ്ട്. "ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുതു; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം". എന്തായാലും യേശുക്രിസ്തു വരുന്നത് മരണപ്പെട്ട നീതിമാന്മാരെയും ക്രിസ്തുവിൽ മരിച്ചവരെയും ക്രിസ്തുവിനോടൊപ്പം നിത്യകാലം ജീവിക്കാൻ കൊണ്ടുപോകാനാണ്. ഇത് ഒരു ആകസ്മികമായ സംഭവമാണ്. ലോകസ്ഥാപനം മുതൽ, അതായത് ആദാം മുതൽ ക്രിസ്തുവിന്റെ വരവു വരെയുള്ള ഏകദേശം 6000 ത്തിലധികം വർഷത്തിലേറെയുള്ള ദൈവത്തിന്റെ പ്രയത്ന ഫലമാണ്.

ദൈവരാജ്യത്തിനായി യേശുക്രിസ്തു മറ്റൊരു സംഘത്തെ ഉറ്റുനോക്കുന്നു. ഈ സംഘം രൂപീകൃതമാകുന്നത് 12 ഗോത്രങ്ങളിലെ ഓരോന്നിൽ നിന്നും മാലാഖമാർ മുദ്രയിട്ട 12000 പേർ വീതമുള്ള 1.44 ലക്ഷം പേരാണ് (വെളിപ്പാട് 7:1-8). ഈ പട്ടികയിൽ ദാൻ ഗോത്രത്തിലുള്ളവരെ ചേർത്തിട്ടില്ല. കാരണം അവർ വിഗ്രഹാരാധികൾ എന്നതിനാലാണ് (ഉൽപ്പത്തി 49:17; ന്യായാധിപന്മാർ 18:30; 1രാജാക്കന്മാർ 12:28,29). എന്നാലും മനശ്ശെയുടെ ഗോത്രം ഉൾപ്പെട്ടതിനാൽ എണ്ണം 12 ആയി തന്നെ നിലകൊള്ളുന്നു. യിസ്രായേൽ ഗോത്രത്തിൽ പെട്ട 1.44 ലക്ഷം പേരെ കർത്താവ് പ്രത്യേകമായി കാണുകയും സഹസ്രാബ്ദ ഭരണത്തിൽ അവരെ പെരുകാൻ അനുവദിക്കുകയും ചെയ്യും. നോഹ മുതൽ ഇന്നുവരെയുള്ള 4000 വർഷങ്ങളിൽ എട്ടു പേരടങ്ങുന്ന നോഹയുടെ കുടുംബം 700 കോടിയായി പെരുകി. അതിനാൽ ഈ 1.44 ലക്ഷം ആയിരം വർഷങ്ങൾ കൊണ്ട് 700 കോടിയിലേറെയായി പെരുകും. അവിടെ കർത്താധി കർത്താവും രാജാധിരാജാവുമായവൻ വാഴും. ഈ സഹസ്രാബ്ദകാലത്ത് തിരഞ്ഞെടുക്കപ്പെട്ടവർ ദൂതന്മാരെപ്പോലെ നിശബ്ദനിരീക്ഷകരായിരിക്കും. അതിനാൽ ദൈവരാജ്യത്തിനായി ഇതിനകം തന്നെ തിരഞ്ഞെടുക്കപ്പെട്ടവരും ഭാവിയിൽ 1.44 ലക്ഷത്തിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവരുമായി ചേരുമ്പോൾ വലിയ ഒരു സംഘം തന്നെ രൂപീകരിക്കപ്പെടും. ഈ മഹത്തായ ഒത്തുചേരൽ കാണുമ്പോൾ പിതാവായ ദൈവവും പുത്രനായ ദൈവവും സന്തോഷിക്കും.

അതിനാൽ എല്ലാ നിലവാരത്തിലും രാജാവും മഹാപുരോഹിതനുമായ യേശുക്രിസ്തുവിന് മല്ക്കീസേദെക്കിനെക്കാൾ വലിയ സ്നേഹവും ബഹുമാനവും ലഭിക്കും. കർത്താവ് നമ്മെ അത്ഭുതകരമായ ദേശത്തേക്ക്, നിത്യതയിലേക്ക് കൊണ്ടുപോകട്ടെ.

************



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

### എന്റെ പശ്ചാത്തലം

വളരെ വർഷങ്ങളായി വിളിയുടെ പ്രതിധ്വനി മാസികയിലെ കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക് എന്ന തലക്കെട്ടിൽ ഞങ്ങൾക്കു ലഭിച്ചതും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ ദൈവകൃപയെക്കുറിച്ച് വളരെ വർഷങ്ങളായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിലൂടെ ദൈവം എന്നെ അതിശയകരമായി നടത്തിയ വിധത്തെക്കുറിച്ച് സാക്ഷീകരിക്കുകയാണ് ചെയ്യുന്നത്.

എന്റെ ജീവിതാരംഭം മുതൽ ദൈവം എന്നെ നയിക്കുകയും ഉയർത്തുകയും ചെയ്ത വഴികളെക്കുറിച്ച് ഒരു പുസ്തകം രചിക്കുവാനായി പരിശുദ്ധാത്മാവ് എനിക്കു പ്രേരണ നൽകി. ഞാൻ രോഗിയായിരുന്നപ്പോഴും മറ്റു പല സന്ദർഭങ്ങളിലും ഞാൻ ദൈവത്തോടു ചെയ്ത പ്രതിജ്ഞകളും എന്റെ ചില വായനക്കാരുടെ സ്നേഹപൂർണ്ണമായ നിർബന്ധവുമാണ് ഈ പുസ്തകം രചിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്.

ഇതിന്റെ രചന വർഷങ്ങളോളം നീണ്ടുപോയി. 2021 ഡിസംബർ 5-ാം തിയതി ഞായറാഴ്ച എന്റെ മകൻ അലക്സ് സാംസൺ സാമിന്റെ ജന്മദിനവുമായി ബന്ധപ്പെട്ട് വൈകുന്നേരം സുഹൃത് ഞായർ എന്ന പരിപാടി അപ്രതീക്ഷിതമായി നടക്കുകയുണ്ടായി. ആ പരിപാടിയിൽ പങ്കെടുത്തതിനുശേഷം രാത്രി ഏകദേശം 12 മണിയോടെ ഞാൻ ഉറങ്ങാൻ പോയി. ഏകദേശം 3 മണിക്കൂർ പരിശുദ്ധാത്മാവ് എന്റെ ആഗ്രഹങ്ങളോടും സ്വപ്നങ്ങളോടുംകൂടെ ഇടപെട്ടുകൊണ്ടിരുന്നു.

പുലർച്ചെ കൃത്യം 3 മണിക്ക് ദൈവം എന്നെ എഴുന്നേല്പിച്ച് ഈ രചനയുടെ ആരംഭം കുറിച്ചു. "ഞാൻ അവനെ ഏകനായിട്ടു വിളിച്ച് അവനെ അനുഗ്രഹിച്ചു വർദ്ധിപ്പിച്ചിരിക്കുന്നു" എന്ന വാക്യം എന്റെ ആത്മീക കണ്ണുകളുടെ മുന്നിൽ പ്രകാശിച്ചു.

വേദപുസ്തകവും നോട്ടുബുക്കും ഒരു പേനയും എടുക്കാൻ അവൻ എന്നെ നിർബന്ധിച്ചു. ഞാൻ മുട്ടുകുത്തി ഇങ്ങനെ പ്രാർത്ഥിച്ചു. പ്രീയ പിതാവേ, എന്റെ സത്യസന്ധമായ ജീവചരിത്രം രചിക്കുവാൻ ഞാൻ അങ്ങയെ അനുസരിച്ച് സമർപ്പിക്കുന്നു. ഈ പുസ്തകം എഴുതി തീർത്ത് അനേകം ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതുവരെയും അങ്ങയുടെ കൃപയുടെ മറവിൽ വഹിച്ചു പരിപാലിക്കേണമേ. ഈ പുസ്തകം എഴുതി തുടങ്ങുവാൻ ദൈവം എനിക്ക് വിശ്വാസം തന്നു.

എന്റെ കുട്ടിക്കാലത്തെ ചിത്രങ്ങളൊന്നും എന്റെ പക്കൽ ഇല്ലായിരുന്നതിനാൽ എന്റെ ഓഫീസ് അസിസ്റ്റന്റ് ആയ സിസ്റ്റർ ഡെയ്സിറാണിയോട് രേഖാചിത്രം വരയ്ക്കുവാനായി നിർദ്ദേശിക്കുവാൻ ആത്മാവ് പ്രേരണ നൽകി. രേഖാചിത്രങ്ങളുടെ രചനയുമായി അവരും എന്നെ സഹായിച്ചു.

ഈ സാഹചര്യത്തിലാണ് ഞാൻ പുസ്തക രചന ആരംഭിക്കുന്നത്.

### എന്റെ ബാല്യകാലം

ഇന്ത്യയുടെ ഏറ്റവും തെക്കുഭാഗത്തുള്ള കന്യാകുമാരി ജില്ലയിലെ നെയ്യൂരുള്ള നെല്ലറായിക്കോണത്താണ് എന്റെ അമ്മ റോസ് ലെറ്റിന്റെ സ്ഥലം. എന്റെ മുതുമുത്തച്ഛൻ മാർണ്ഡനും എന്റെ മുത്തച്ഛൻ നാരായണനും കടുത്ത ഹിന്ദു വിശ്വാസികളായിരുന്നു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ ദക്ഷിണ കേരള മഹായിടവകയുടെ ശുശ്രൂഷ പ്രവർത്തനത്തിന്റെ ഫലമായി ഇവർ ക്രിസ്ത്യാനികളായി. എന്റെ മുത്തച്ഛന്റെ പേര് നഥനയേൽ എന്ന് മാറ്റി. കൊളച്ചൽ ഉദയാരുവിള സി.എസ്.ഐ സഭയിൽനിന്നും ജ്ഞാനപ്പൂ എന്ന പെൺകുട്ടിയെ അദ്ദേഹം വിവാഹം കഴിച്ചു. അവരുടെ ആദ്യത്തെ മകൾ റോസ്‌ലെറ്റ് ആണ് എന്റെ അമ്മ.

എന്റെ പിതാവിന്റെ പേര് ശ്രീ. സെൽവദാസ് എന്നാണ്. അദ്ദേഹത്തിന്റെ പിതാവ് ശ്രീ സാമുവേൽ നെയ്യൂർ നെല്ലറായിക്കോണം സി.എസ്.ഐ. സഭാംഗമാണ്. എന്റെ അമ്മൂമ്മ ശ്രീമതി. മുത്തമ്മാൾ പള്ളിയാടിയിൽ നിന്നുള്ള ഒരു വിശ്വാസിയായിരുന്നു. എന്റെ മുത്തച്ഛൻ സി.എസ്.ഐ. യുടെ കീഴിലുള്ള നെയ്യൂർ ആശുപത്രിയിലെ കമ്പൗണ്ടർ ആയിരുന്നു. യൂറോപ്യനായ ഡോ. സോമർവെല്ലിന്റെ കീഴിൽ പ്രവർത്തിക്കുവാനുള്ള


### ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

#### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടി ിക്കേ റ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

#### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, **Post Box 2957**
CHEPAUK, CHENNAI - 600 005.
**Ph.: (044) 2852 8282, 2852 9293, 2854 7766,**
**Cell : 98410 71852, 95661 31858**
**E.mail : biblecor@yahoo.co.in**

RNI.No.55468/94, Postal Regn.No. TN/CH/(C)/199/21-23 WPP.No. TN/PMG(CCR)/WPP-22 1/21-23

ഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചു. അതിവേഗം മൗണ്ട് എവറസ്റ്റ് കയറുന്നതിന് ഇദ്ദേഹത്തിന് റെക്കോർടും ലഭിച്ചു. വൈദ്യസേവനം ദൈവവേലയായി എന്റെ മുത്തച്ഛൻ കണ്ടു തന്റെ മക്കൾക്കും പേരക്കിടാങ്ങൾക്കും മാതൃകയായി ജീവിക്കുകയും ചെയ്തു. ഇവരൊക്കെയും എന്റെ ആത്മീയ ജീവിതത്തിന് ശക്തമായ അടിത്തറ ഇട്ടവരാണ്.

(...തുടരും)

************

## OUR BANK DETAILS:

**1. Bank : State Bank of India**

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

**2. Bank : ICICI Bank**

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

**3. Bank : State Bank of India**

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ    ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATIONS ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th FEBRUARY, 2022.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**